**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 4** **22-02-2022 - ൽ മറുപടിയ്ക്ക്**

**ലൈഫ് പദ്ധതിയിലെ ക്രമക്കേട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ യു.എ.ഇ. സർക്കാർ നടപ്പാക്കാനുദ്ദേശിച്ച ഭവന നിർമ്മാണ പദ്ധതി സ്വകാര്യ ഏജൻസി മുഖേന നടത്തുന്ന രീതിയിലേക്ക് മാറ്റിയത് മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേരിട്ടുള്ള ഇടപെടലിനെത്തുടർന്നാണെന്ന വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സർക്കാർ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | യു.എ.ഇ റെഡ്ക്രസന്റ് അവരുടെ സ്രോതസ് വിനിയോഗം ചെയ്ത് സ്വന്തം നിലയിലാണ് ഭവന സമുച്ചയം നടപ്പാക്കുന്നത്. നിർമ്മാണം പൂർണ്ണമായും റെഡ്ക്രസന്റിന്റെ ചുമതലയിലാണ് . |
| (ബി) | വടക്കാഞ്ചേരി ലൈഫ് പദ്ധതിയിൽ ഇപ്രകാരം അഴിമതി നടത്തുന്നതിന് അവസരമൊരുക്കിയതിലൂടെ മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറിക്ക് കമ്മീഷൻ ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | വടക്കാഞ്ചേരി ലൈഫ് പദ്ധതി സംബന്ധിച്ച് ആരോപിക്കപ്പെട്ട ക്രമക്കേടുകളെപ്പറ്റി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. കേസിന്റെ അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഈ വിവരം ലഭ്യമാകുകയുള്ളു. |
| (സി) | ദുരിതബാധിതരായ ജനങ്ങളുടെ പേരിൽ സമാഹരിച്ച പണം തട്ടിയെടുക്കാൻ ശ്രമം നടന്നുവെന്ന് ആരോപണം ഉന്നയിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ അന്വേഷണം പ്രഖ്യാപിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (സി) | വിജിലൻസ് അന്വേഷണം നടന്നുവരികയാണ് |
| (ഡി) | മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി സ്വർണ്ണക്കടത്ത് കേസിലെ പ്രതിയുമായി ചേർന്ന് ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് അഴിമതിക്ക് കളമൊരുക്കിയതായുള്ള പ്രതിയുടെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം ആരംഭിച്ചിട്ടുണ്ടോ | (ഡി) | 'സി' യിൽ ചേർത്തിരിക്കുന്നു |

| | | | |
|---|---|---|---|
| | എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ